THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"

| | | |
|---|---|---|
| GRADE: VI<br>DATE : 04/10/2024 | TERM EXAMINATION<br>MALAYALAM | Max.Marks - 40<br>TIME : 2 Hrs |

| Q No | SECTION A | MARKS |
|---|---|---|
| I | ഖണ്ഡിക വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ശരി ഉത്തരമെഴുതുക | 5 X 1 |
| | ചെറുശ്ശേരി , എഴുത്തച്ഛൻ , കുഞ്ചൻ നമ്പ്യാർ എന്നിവരാണ് പ്രാചീന കവിത്രയം എന്നറിയപ്പെടുന്നത് . 15 , 16 , 18 എന്നീ നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്നു എന്നറിയപ്പെടുന്ന ഇവർ മലയാളികൾക്ക് സമ്മാനിച്ചത് വിലമതിക്കാനാവാത്ത രചനകളാണ്. ആധുനിക മലയാളഭാഷയുടെ പിതാവ് എന്നാണ് എഴുത്തച്ഛൻ അറിയപ്പെടുന്നത് . കിളിപ്പാട്ട് ശൈലിയിൽ എഴുതിയ *അദ്ധ്യാത്മ രാമായണം* എഴുത്തച്ഛന്റെ തത്ത്വകൃതിയാണ്. തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ എന്നാണ് അദ്ദേഹത്തിന്റെ യഥാർത്ഥ നാമം. കൃഷ്ണഗാഥയുടെ കർത്താവ് ചെറുശ്ശേരി നമ്പൂതിരിയാണ്.മലയാള ഭാഷയുടെ ശക്തിയും സൗന്ദര്യവും ആദ്യമായി കാണാൻ കഴിയുന്നത് ചെറുശ്ശേരിയുടെ കൃഷ്ണഗാഥ എന്ന മനോഹര കൃതിയിലൂടെയാണ്. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് കുഞ്ചൻ നമ്പ്യാർ. നർമ്മത്തിൽ പൊതിഞ്ഞ സാമൂഹ്യവിമർശനമാണ് അദ്ദേഹത്തിന്റെ കൃതികളുടെ മുഖമുദ്ര. | |
| 1 | പ്രാചീന കവിത്രയം ആരെല്ലാം ?<br><br>( ചെറുശ്ശേരി , കുമാരനാശാൻ ,എഴുത്തച്ഛൻ , കുഞ്ചൻ നമ്പ്യാർ) | |
| 2 | ആധുനിക മലയാളഭാഷയുടെ പിതാവ് ആര് ?<br><br>(ചെറുശ്ശേരി , എഴുത്തച്ഛൻ , കുഞ്ചൻ നമ്പ്യാർ) | |
| 3 | പ്രാചീന കവിത്രയത്തിൽ ഉൾപ്പെടാത്തതാര് ?<br><br>(ചെറുശ്ശേരി , പൂന്താനം , എഴുത്തച്ഛൻ , കുഞ്ചൻ നമ്പ്യാർ) | |
| 4 | എഴുത്തച്ഛന്റെ യഥാർഥ നാമം എന്ത് ?<br><br>( തുഞ്ചത്തെഴുത്തച്ഛൻ , തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ | |

| | | |
|---|---|---|
| | , എഴുത്തച്ഛൻ രാമാനുജൻ ) | |
| 5 | തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാര് ?<br>( കുഞ്ചൻ നമ്പ്യാർ , കുമാരനാശാൻ , ചെറുശ്ശേരി ) | |
| II | അർഥം എഴുതുക | 5 X 1 |
| 6 | കൊറ്റി<br>( താമര , കൊക്ക് , ആകാശം ) | |
| 7 | വദനം<br>( മുഖം , നിറം , കണ്ണ് ) | |
| 8 | കീശ<br>( തുണി , ജനാല , പോക്കറ്റ് ) | |
| 9 | മാൺപെഴും<br>(കള്ളം , സുഗന്ധം , മനോഹരമായ ) | |
| 10 | പ്രപഞ്ചം<br>( സൂര്യൻ , നിധി , ലോകം ) | |
| III | പര്യായം എഴുതുക | 5 X 1 |
| 11 | പൂവ്<br>( പുഷ്പം , മേനി , മലർ  തനു ) | |
| 12 | കണ്ണ്<br>(അംബുദം , നേത്രം , നയനം , പൈതൽ ) | |
| 13 | കുയിൽ<br>(പികം , ചകോരം , കോകിലം , കാകൻ ) | |
| 14 | ശരീരം<br>(മേനി , മെയ്യ് , വിണ്ണ് , താരം ) | |
| 15 | ‘ആട്’ എന്ന വാക്കിന് പകരംപദം എഴുതുക<br>( അജം , ഗജം , കൂർപ്പാസം ) | |
| IV | പിരിച്ചെഴുതുക | 2 X 1 |
| 16 | വിശേഷമൊന്നുമില്ല<br>( വിശേഷം + ഒന്നുമില്ല , വിശേഷം + ഒന്നും + ഇല്ല , വിശേഷിച്ച് + ഒന്നുമില്ല ) | |
| 17 | പിടിച്ചിട്ടുണ്ട് | |

| | | |
|---|---|---|
| | (പിടിച്ചിട്ടു + ഉണ്ട് , പിടിച്ചിട്ട് + ഉണ്ട് , പിടിച്ചിട്ട് + ഇല്ല ) | |
| V | ചേർത്തെഴുതുക | 3 X 1 |
| 18 | ഭിന്നിപ്പ് + അല്ല<br><br>( ഭിന്നിപ്പല്ല , ഭിന്നിപ്പില്ല , ഭിന്നിപ്പേയില്ല ) | |
| 19 | ഒന്നും + ഇല്ല<br><br>( ഒന്നുമല്ല , ഒന്നുമില്ല , ഒന്നും ഇല്ല ) | |
| 20 | ഭിക്ഷാടകൻ + ആയ<br><br>( ഭിക്ഷുവായ , ഭിക്ഷക്കാരനായ , ഭിക്ഷാടകനായ ) | |
| VI | തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഒരു പേജിൽ ഉത്തരമെഴുതുക | 5 X 2 |
| 21 | സ്വാമി വിവേകാനന്ദനോട് ആംഗലേയ യുവാക്കളുടെ പ്രകടനങ്ങൾ എങ്ങനെയായിരുന്നു ? | |
| 22 | ബഷീർ തന്റെ കൃതിക്ക് അവലംബമാക്കിയതെന്ത് ? ബഷീറിന്റെ കഥകളിൽ കേൾക്കുന്ന പൊതു തത്വം എന്താണ്? | |
| VII | ഉത്തരമെഴുതുക | 5 X 2 |
| 23 | 'തേജസ്വിയായ വാഗ്മി' ഒരു കോപ്പി അയച്ചു തരണം എന്നാവശ്യപ്പെട്ട് എച്ച് & സി പബ്ലിഷിംഗ് ഹൗസിന് ഒരു കത്തയക്കുക | |
| 24 | "വാക്കുകൾ കൂട്ടിച്ചൊല്ലാൻ<br>വയ്യാത്ത കിടാങ്ങളേ ,<br>ദീർഘദർശ്ശനം ചെയ്യും<br>ദൈവജ്ഞരല്ലോ നിങ്ങൾ"<br><br>ഈ വരികൾക്ക് ആസ്വാദനക്കുറിപ്പെഴുതുക | |